കെ. എസ്. ആർ. ടി. സി. യിലെ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം

825 [1018] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിലെ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന് ഏതെങ്കിലും തൊഴിലാളി സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളാണ് ആവശ്യപ്പെട്ടിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോർപ്പറേഷന്റെ അംഗീകാരമുള്ള കെ. എസ്. ആർ. ടി. സി. എംപ്ലോയീസ് അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 28-1-1986-ൽ കോർപ്പറേഷൻ നടത്തിയ റഫറണ്ടത്തെ തുടർന്ന് അംഗീകാരം പിൻവലിക്കപ്പെട്ട താഴെ പറയുന്ന സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ട്.

കെ. എസ്. ററി. വർക്കേഴ്സ് യൂണിയൻ
കെ. എസ്. ററി. മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ
കെ. എസ്. ആർ. ടി. സി. ലേബർ യൂണിയൻ
കെ. എസ്. ടി. എംപ്ലോയീസ് യൂണിയൻ
കെ. എസ്. ആർ. ടി. ഡി. ററി. യു. സി.
കെ. എസ്. ററി. ഡ്രൈവേഴ്സ് യൂണിയൻ
കെ. എസ്. ആർ. ടി. സി. സ്കിൽഡ് വർക്കേഴ്സ് യൂണിയൻ
കെ. എസ്. ആർ. ടി. സി. സി. എസ്. ഐ. ഫെഡറേഷൻ
കെ. എസ്. ആർ. ടി. സി. സെക്യൂരിററി സ്ററാഫ് അസോസിയേഷൻ
കെ. എസ്. ടി. എംപ്ലോയീസ് ഓർഗനൈസേഷൻ
കെ. എസ്. ആർ. ടി. എഞ്ചിനീയറിംഗ് സ്ററാഫ് അസോസിയേഷൻ
കെ. എസ്. ടി. സ്ററാഫ് യൂണിയൻ
കെ. എസ്. ആർ. ടി. സി. വർക്കേഴ്സ് ഫെഡറേഷൻ.

കേരളാ സ്ററേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ പട്ടികജാതി ജീവനക്കാരും സ്ത്രീ ജീവനക്കാരും

826 [1020] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്ററേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ക്ലാസ്—1, ക്ലാസ്—2, ക്ലാസ്—3, ക്ലാസ്—4 എന്നീ ഓരോ വിഭാഗത്തിലും സ്ത്രീകൾ എത്ര വീതം ;

(ബി) പട്ടികജാതിക്കാർ എത്ര വീതം ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പട്ടികജാതിക്കാരുടെ ക്ലാസ് തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

ക്ലാസ് 1—8 പേർ
,, 2—191 പേർ
,, 3—2525 പേർ
,, 4—235 പേർ

LIBRARY ARCHIVES Kerala Legislative Assembly